പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5968

04/07/2019-ൽ
മറുപടിയ്ക്ക്

## കെ.ബി.പി.എസിന് സർക്കാർ നൽകുവാനുള്ള തുക

ചോദ്യം

**ശ്രീ.പി.ടി തോമസ്**

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് പുസ്തകം അച്ചടിക്കാൻ പേപ്പർ വാങ്ങിയ ഇനത്തിൽ കെ.ബി.പി.എസ്.-ന് സർക്കാർ എത്ര രൂപ കൊടുക്കുവാനുണ്ട് എന്നുള്ള വിശദവിവരം നൽകുമോ; ഇത് എന്നത്തേക്ക് കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) 2015-16 അദ്ധ്യയനവർഷത്തെ ഒന്നാംഘട്ട പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2016-17 അദ്ധ്യയനവർഷം മുതലാണ് പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർപർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങാൻ കെ.ബി.പി.എസിനെ (കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി) ചുമതലപ്പെടുത്തിയത്. പേപ്പർ വാങ്ങിയ ഇനത്തിൽ 2016-17 അദ്ധ്യയന വർഷത്തിൽ കെ.ബി.പി.എസ്-ന് 12.41 കോടി രൂപ (പന്ത്രണ്ട് കോടി നാൽപത്തൊന്ന് ലക്ഷം രൂപ) നൽകാനുണ്ട്. പ്രസ്തുത തുക, പേപ്പറിന്റെ ഗുണനിലവാരത്തിലുള്ള വ്യത്യാസം കാരണം തടഞ്ഞു വച്ചിരിക്കുകയാണ്.

നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള കമ്മിറ്റിയുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഡിറ്റ് വിഭാഗത്തിന്റെയും കണ്ടെത്തൽ പ്രകാരം 150 കോടിയിലധികം വേസ്റ്റേജ് ഇനത്തിൽ സർക്കാരിന് ഇനിയും ലഭിക്കുവാനുണ്ട്. സർക്കാർ കെ.ബി.പി.എസിനെ പാഠപുസ്തക അച്ചടിയും വിതരണവും ഏൽപ്പിച്ചതു മുതലുള്ള പേപ്പറിന്റെ കട്ടിംഗ് / പേപ്പർ വേസ്റ്റ് ഇനത്തിൽ സർക്കാരിലേയ്ക്ക് കെ.ബി.പി.എസ് ഇതുവരെ ഒരു തുകയും അടച്ചിട്ടില്ലാത്തതിനാൽ ആയതിന് നടപടി സ്വീകരിക്കുന്ന മുറയ്ക്ക് കെ.ബി.പി.എസിന് കുടിശികയായ തുകകൾ നൽകുന്നത് സർക്കാർ പരിഗണിക്കുന്നതാണ്.

(ബി)

അച്ചടിക്കൂലി ഇനത്തിൽ വിദ്യാഭ്യാസ വകുപ്പ് കെ.ബി.പി.എസ്. - ന് എത്ര രൂപ കൊടുക്കുവാനുണ്ട് എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇത് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കുമോ;

(ബി)

പാഠപുസ്തക അച്ചടിക്കൂലി ഇനത്തിൽ വിദ്യാഭ്യാസ വകുപ്പ് കെ.ബി.പി.എസ്. - ന് കൊടുക്കുവാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെപറയുന്നു.

| | |
|---|---|
| 2010-11 | 50,38,258/- |
| 2011-12, 2012-13, 2013-14 | ഇല്ല |
| 2014-15 | 3,02,08,305/- |
| 2015-16 | 2,42,94,191/- |
| 2016-17 | 1,61,84,767/- |
| 2017-18 | 1,32,65,775/- |
| 2018-19 | തുക കണക്കാക്കിയിട്ടില്ല |

അച്ചടിയിനത്തിൽ കെ.ബി.പി.എസിന് തുക അനുവദിക്കുന്നതിനായി കെ.ബി.പി.എസിന്റെ ഇൻവോയ്സുകളും മറ്റനുബന്ധരേഖകളും സർക്കാർ പ്രസ് സൂപ്രണ്ട് സൂക്ഷ്മപരിശോധന നടത്തി മേലൊപ്പ് ചാർത്തിയാൽ മാത്രമേ സർക്കാരിന് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കു. ആയത് പരിശോധിക്കാൻ സമർപ്പിച്ചിരിക്കുന്നതിനാലും, സർക്കാർ കെ.ബി.പി.എസിനെ പാഠപുസ്തക അച്ചടിയും വിതരണവും ഏൽപ്പിച്ചതു മുതലുള്ള പേപ്പറിന്റെ കട്ടിംഗ് / പേപ്പർ വേസ്റ്റ് ഇനത്തിൽ സർക്കാരിലേയ്ക്ക് കെ.ബി.പി.എസ് ഇതുവരെ ഒരു തുകയും അടച്ചിട്ടില്ലാത്തതിനാലും ആയതിന് നടപടി കൈകൊണ്ട ശേഷം കെ.ബി.പി.എസിന് കുടിശികയായ തുകകൾ നൽകുന്നത് സർക്കാർ പരിഗണിക്കുന്നതായിരിക്കും.

(സി)

സ്കൂളുകളിൽ പാഠപുസ്തകം വിതരണം ചെയ്ത ഇനത്തിൽ കെ.ബി.പി.എസ്.ന് സർക്കാർ എത്ര രൂപ കൊടുക്കുവാനുണ്ടെന്ന് വിശദമാക്കുമോ; ഇത് നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കുമോ; ഈ തുക എന്നത്തേക്ക് നൽകാൻ കഴിയും എന്നാണ് സർക്കാർ

(സി)

പാഠപുസ്തകം വിതരണം ചെയ്ത ഇനത്തിൽ 2011-12 മുതൽ 2017-18 വരെ 20,20,44,618/- രൂപ (ഇരുപതു കോടി ഇരുപതു ലക്ഷത്തി നാൽപത്തി നാലായിരത്തി അറുന്നൂറ്റി പതിനെട്ട് രൂപ) കെ.ബി.പി.എസിന് കുടിശ്ശിക നൽകാനുണ്ട്. ടി കാലയളവിൽ കെ.ബി.പി.എസ് ഗോഡൗൺ വാടകയിനത്തിലും ഹബ് മെയിന്റനൻസ് ഇനത്തിലും സർവ്വീസ് ചാർജ്ജിനത്തിലും ഭീമമായ തുക ചെലവാക്കിയത് അനുവദനീയമല്ലെന്ന് അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ തടസ്സവാദം ഉന്നയിച്ചതിനാലും , സർക്കാർ

| | |
|---|---|
| ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | കെ.ബി.പി.എസിനെ പാഠപുസ്തക അച്ചടിയും വിതരണവും ഏൽപ്പിച്ചതു മുതലുള്ള പേപ്പറിന്റെ കട്ടിംഗ് / പേപ്പർ വേസ്റ്റ് ഇനത്തിൽ സർക്കാരിലേയ്ക്ക് കെ.ബി.പി.എസ് ഇതുവരെ ഒരു തുകയും അടച്ചിട്ടില്ലാത്തതിനാലും, ആയതിന് നടപടി കൈകൊണ്ട ശേഷം കെ.ബി.പി.എസിന് കുടിശികയായ തുകകൾ നൽകുന്നത് സർക്കാർ പരിഗണിക്കുന്നതായിരിക്കും. |

Namitha. P

**സെക്ഷൻ ഓഫീസർ**